പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 57

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 57

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

1200/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 57

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് (1951-ലെ XIV) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ, “ഏഴായിരത്തി അഞ്ഞൂറ് രൂപ” എന്ന വാക്കുകൾക്ക് പകരം “പന്ത്രണ്ടായിരം രൂപ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

“

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ “ഏഴായിരത്തി അഞ്ഞൂറ് രൂപ” എന്ന വാക്കുകൾക്ക് പകരം “പന്ത്രണ്ടായിരം രൂപ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 5സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5സി വകുപ്പിൽ “രണ്ട് ലക്ഷം രൂപ” എന്ന വാക്കുകൾക്ക് പകരം “അഞ്ച് ലക്ഷം രൂപ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ “അയ്യായിരം രൂപ” എന്ന വാക്കുകൾക്ക് പകരം “പതിനായിരത്തി അഞ്ഞൂറ് രൂപ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(1) (എ) ഖണ്ഡത്തിൽ "മുന്നൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "ആയിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (എഎ) ഖണ്ഡത്തിൽ "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പന്ത്രണ്ടായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(3) (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

7. 8എ വകുപ്പിന്റെ ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 8എ വകുപ്പിൽ,—

(1) (5)-ാം ഉപവകുപ്പിൽ "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഏഴായിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (5)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5എ) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും പ്രതിമാസം ആയിരം രൂപയുടെ ഇൻഫർമേഷൻ ബത്തയ്ക്കും പ്രതിമാസം മൂവായിരം രൂപയുടെ സംപ്റ്റ്യുവറി ബത്തയ്ക്കും അവകാശമുണ്ടായിരിക്കുന്നതാണ് ;

(5ബി) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിന്റെയും സ്റ്റാഫിന് പ്രതിമാസം പതിനായിരം രൂപ സ്റ്റാഫ് ബത്തയായി നേരിട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും നൽകേണ്ടതാണ്. ;"

8. 8ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 8എ വകുപ്പനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8ബി വാഹന വായ്പയും ഭവന നിർമ്മാണ വായ്പയും.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും അഞ്ച് ലക്ഷം രൂപ വരെയുള്ള പലിശ രഹിത വാഹന വായ്പയും കുറഞ്ഞ പലിശ നിരക്കിൽ പത്ത് ലക്ഷം രൂപ വരെയുള്ള ഭവന നിർമ്മാണ വായ്പയും ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ് ;

9. 9എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9എ വകുപ്പ്, (1)-ാം ഉപവകുപ്പിൽ "ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

10. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ പട്ടികയിൽ,—

(1) I-ാം ഇനത്തിൽ,—

(എ) (1)-ാം ഉപഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് എട്ട് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (സി) ഖണ്ഡത്തിൽ, "അറുന്നൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "എഴുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (2)-ാം ഉപഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് എട്ട് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് പത്ത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (സി) ഖണ്ഡത്തിൽ, "എഴുന്നൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "തൊള്ളായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) II-ാം ഇനത്തിൽ,—

(എ) (1)-ാം ഉപഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "കിലോമീറ്ററിന് ആറ് രൂപ" എന്ന വാക്കുകൾക്ക് പകരം "കിലോമീറ്ററിന് ഏഴ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ, "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "എഴുനൂറ്റി അൻപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (2)-ാം ഉപഇനത്തിൽ, (സി) ഖണ്ഡത്തിൽ, "അറുന്നൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം " തൊള്ളായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മന്ത്രിമാർ, നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ബത്തകളും അവസാനമായി പരിഷ്കരിച്ചത് 2008-ലെ 25-ാം ആക്റ്റ് പ്രകാരം 2008-ലാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി, ടെലഫോൺ ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വില പല മടങ്ങ് വർദ്ധിച്ചു. മേൽപ്പറഞ്ഞവ പരിഗണിച്ച്, ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച്, മന്ത്രിമാർ, കേരള നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ്, അംഗങ്ങൾ എന്നിവർക്ക് നൽകേണ്ട ശമ്പളവും ബത്തകളും പരിഷ്കരിക്കുന്നതിന്, പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റും അതുമായി ബന്ധപ്പെട്ട സംഗതികളും പരിശോധിച്ച്

ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി കേരള ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി ജസ്റ്റിസ് ശ്രീ. ആർ. രാജേന്ദ്രബാബുവിനെ നിയമിക്കുകയുണ്ടായി. ജസ്റ്റിസ് ആർ. രാജേന്ദ്രബാബു കമ്മീഷൻ വിവിധ ശിപാർശകളടങ്ങിയ അതിന്റെ റിപ്പോർട്ട് 2011 ഒക്ടോബർ 14-ന് സമർപ്പിച്ചു. കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ ശമ്പളവും ബത്തകളും പരിഷ്കരിക്കുന്നതിനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 2-ഉം 3-ഉം ഖണ്ഡങ്ങൾ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ് എന്നിവർക്കുള്ള നിയോജകമണ്ഡലബത്ത പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ നിന്നും പ്രതിമാസം പന്ത്രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 3-ഉം 4-ഉം വകുപ്പുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിന്റെ 4-ാം ഖണ്ഡം, മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും പ്രതിപക്ഷ നേതാവും ചീഫ്‌വിപ്പും ഉൾപ്പെടെയുള്ള നിയമസഭാംഗങ്ങൾക്ക് ആക്സിഡന്റ് ഇൻഷ്വറൻസ് കവറേജ് രണ്ടുലക്ഷം രൂപയിൽ നിന്നും അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 5 സി വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 5-ാം ഖണ്ഡം, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ് എന്നിവർക്കുള്ള വാഹനബത്ത പ്രതിമാസം അയ്യായിരം രൂപയിൽ നിന്നും പ്രതിമാസം പതിനായിരത്തി അഞ്ഞൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

4. 6-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങളുടെ സ്ഥിരബത്ത പ്രതിമാസം മൂന്നൂറ് രൂപയിൽ നിന്നും പ്രതിമാസം ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

5. 6-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡലബത്ത പ്രതിമാസം അയ്യായിരം രൂപയിൽ നിന്നും പ്രതിമാസം പന്ത്രണ്ടായിരം രൂപയായി ഉയർത്തുന്നതിന് പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പ്, (1)-ാം ഉപവകുപ്പിന്റെ (എഎ) ഖണ്ഡം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിന്റെ 6-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, അംഗങ്ങൾക്ക് കേരള സംസ്ഥാനത്തിനകത്തുള്ള യാത്രാ ബത്ത പ്രതിമാസം പതിനായിരം രൂപയിൽ നിന്നും പ്രതിമാസം പതിനയ്യായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങൾക്കുള്ള ടെലഫോൺ ബത്ത പ്രതിമാസം അയ്യായിരം രൂപയിൽ നിന്നും പ്രതിമാസം ഏഴായിരത്തി അഞ്ഞുറ് രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 8എ വകുപ്പ്, (5)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിന്റെ 7-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, നിയമസഭാംഗങ്ങൾക്ക് പ്രതിമാസം ആയിരം രൂപ നിരക്കിൽ ഒരു ഇൻഫർമേഷൻ ബത്തയും പ്രതിമാസം മൂവായിരം രൂപ നിരക്കിൽ ഒരു സംപ്റ്റ്യുവറി ബത്തയും നൽകുന്നതിന് പ്രധാന ആക്റ്റിന്റെ 8എ വകുപ്പിൽ, (5എ), (5ബി) എന്നീ പുതിയ ഉപവകുപ്പുകൾ ചേർക്കാൻ ഉദ്ദേശിക്കുന്നു. ഓരോ അംഗത്തിന്റെയും സ്റ്റാഫിന് പ്രതിമാസം പതിനായിരം രൂപ സ്റ്റാഫ് ബത്തയായി നൽകേണ്ടതാണ്.

9. ബില്ലിന്റെ 8-ാം ഖണ്ഡം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ്, എന്നിവരല്ലാതെയുള്ള നിയമസഭാംഗങ്ങൾക്ക് വാഹന വായ്പയും ഭവന നിർമ്മാണ വായ്പയും നൽകുന്നതിന് പ്രധാന ആക്റ്റിൽ 8ബി എന്ന ഒരു പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിക്കുന്നു. വാഹന വായ്പ പലിശ രഹിതവും പരമാവധി തുക അഞ്ചുലക്ഷം രൂപയും ആയിരിക്കുന്നതുമാണ്. ഭവന നിർമ്മാണ വായ്പ പത്ത് ലക്ഷം രൂപ വരെയും കുറഞ്ഞ പലിശ നിരക്കിലും ആയിരിക്കുന്നതുമാണ്.

10. ബില്ലിന്റെ 9-ാം ഖണ്ഡം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ്, എന്നിവരല്ലാതെയുള്ള നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാ കൂപ്പണുകളുടെ മൂല്യം ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 9എ വകുപ്പ്, (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിന്റെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ്, എന്നിവർക്ക് കേരള സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തുമുള്ള യാത്രകൾക്ക് ആകസ്മിക ചെലവുകളും ദിനബത്തകളും കിലോമീറ്ററിന് എട്ടുരൂപയിൽ നിന്നും കിലോമീറ്ററിന് പത്ത് രൂപയായും താമസത്തിനുള്ള ദിനബത്ത സംസ്ഥാനത്തിനകത്ത് അറുന്നൂറ് രൂപയിൽ നിന്നും എഴുന്നൂറ്റി അൻപത് രൂപയായും സംസ്ഥാനത്തിന് പുറത്ത് എഴുന്നൂറ് രൂപയിൽ നിന്നും തൊള്ളായിരം രൂപയായും വർദ്ധിപ്പിക്കുന്നതിന് പട്ടിക ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിന്റെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം നിയമസഭാംഗങ്ങൾക്ക് കേരള സംസ്ഥാനത്തിനകത്തുള്ള യാത്രാ ബത്തയും ദിനബത്തയും കിലോമീറ്ററിന് ആറ് രൂപയിൽ നിന്നും കിലോമീറ്ററിന് ഏഴ് രൂപയായും അഞ്ഞൂറു രൂപയിൽ നിന്നും എഴുന്നൂറ്റി അൻപത് രൂപയായും യഥാക്രമം വർദ്ധിപ്പിക്കുന്നതിനും കേരള സംസ്ഥാനത്തിന് പുറത്ത് അംഗങ്ങളുടെ ദിനബത്ത അറുന്നൂറ് രൂപയിൽ നിന്നും തൊള്ളായിരം രൂപയായും വർദ്ധിപ്പിക്കുന്നതിനും പട്ടിക ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

13. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ആവർത്തന സ്വഭാവത്തോടുകൂടിയ ഗണ്യമായ ഒരു തുക ഇതിന്റെ നടത്തിപ്പിലേക്കായി ചെലവ് പ്രതീക്ഷിക്കുന്നു. പ്രതിമാസ ബത്തകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതിനാൽ, സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഏകദേശം പ്രതിവർഷം പതിനാല് കോടി രൂപ അധികച്ചെലവും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള യാത്രാ ബത്തകളുടെ വർദ്ധനവുമൂലം ഇതിലേക്കായി ഉണ്ടായേക്കാവുന്ന യഥാർത്ഥ ചെലവ് ഇപ്പോൾ കൃത്യതയോടെ ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 8-ാം ഖണ്ഡം, അംഗങ്ങൾക്ക് വാഹന വായ്പയും ഭവനനിർമ്മാണ വായ്പയും നൽകുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് 8 ബി എന്ന ഒരു പുതിയ വകുപ്പ് പ്രധാന ആക്റ്റിൽ ചേർക്കുന്നതിന് ഉദ്ദേശിക്കുന്നു.

ഏതു കാര്യം സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ സാധാരണവും ഭരണപരവുമായ സ്വഭാവത്തിലുള്ളവയാണ്. മാത്രമല്ല ചട്ടങ്ങൾ അവ ഉണ്ടാക്കിയ ശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഉമ്മൻ ചാണ്ടി

(ശരിത്തർജ്ജമ)

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1951-ലെ XIV)

** ** ** **

3. മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും, ചീഫ് വിപ്പിന്റെയും ശമ്പളവും ബത്തകളും.— ഓരോ മന്ത്രിക്കും, പ്രതിപക്ഷനേതാവിനും, ചീഫ് വിപ്പിനും പ്രതിമാസം ആയിരം രൂപ ശമ്പളവും പ്രതിമാസം ആയിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം ഏഴായിരത്തിഅഞ്ഞൂറ് രൂപ നിയോജക മണ്ഡല ബത്തയും നൽകേണ്ടതാണ്.

4. നിയമസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളവും ബത്തകളും.—നിയമസഭാ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിമാസം ആയിരം രൂപ ശമ്പളവും, പ്രതിമാസം ആയിരം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ വാങ്ങാൻ അർഹതയുള്ള അതേ നിരക്കിൽ ക്ഷാമബത്തയും പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപ നിയോജകമണ്ഡല ബത്തയും നൽകേണ്ടതാണ്.

** ** ** **

5സി. നിയമസഭയിലെ അംഗങ്ങൾക്കുള്ള ആക്സിഡന്റ് ഇൻഷ്വറൻസ്.—(1) ഇതിലേക്കായി സർക്കാർ ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ്‌വിപ്പ് എന്നിവരുൾപ്പെടെ നിയമസഭയിലെ ഓരോ അംഗത്തിനും, അതത് സംഗതിപോലെ, നിയമസഭാംഗം, മന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നീ നിലകളിൽ തുടരുന്നകാലത്ത് സംഭവിക്കുന്ന ഇതിലേക്കായി പ്രത്യേകം പറഞ്ഞിട്ടുള്ള അപകടങ്ങൾക്കോ മറ്റ് വൈകല്യങ്ങൾക്കോ എതിരായി സർക്കാർ ചെലവിൽ രണ്ടു ലക്ഷം രൂപയിൽ കവിയാത്ത ഒരു തുകയ്ക്ക് ഇൻഷ്വർ ചെയ്യപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

6. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കുള്ള യാത്രാനുകൂല്യം.—

** ** ** **

(2) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് തിരുവനന്തപുരം സിറ്റിക്കകത്തും അതിന്റെ എട്ട് കിലോ മീറ്റർ ചുറ്റളവിനുള്ളിലും നടത്തുന്ന യാത്രകൾക്കുള്ള വാഹനങ്ങൾക്ക് വേണ്ട പ്രെട്രോളിന്റെയും ഓയിലിന്റെയും ചെലവിനുപകരമായി പ്രതിമാസം അയ്യായിരം രൂപ നൽകേണ്ടതാണ്.

** ** ** **

8. നിയമസഭാ അംഗങ്ങളുടെ ബത്തകൾ.— (1) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കാത്ത ഓരോ നിയമസഭാ അംഗത്തിനും ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) പ്രതിമാസം മുന്നൂറു രൂപ സ്ഥിരബത്തയും ;

(എഎ) തന്റെ നിയോജകമണ്ഡലത്തിലെ അങ്ങനെയുള്ള അംഗം എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾക്കായി പ്രതിമാസം അയ്യായിരം രൂപ നിയോജകമണ്ഡലബത്തയും ;

(ബി) നിയമസഭയുടെ സമ്മേളനങ്ങളിൽ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും സമിതിയിലെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും അംഗത്വം അവസാനിക്കുമ്പോൾ അദ്ദേഹത്തിന്റെ സാധാരണ വാസസ്ഥലത്തേക്ക് തിരികെ യാത്ര ചെയ്യുന്നതിനുള്ള യാത്രാബത്തയും സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾവഴി വിനിർദ്ദേശിച്ച പ്രകാരമുള്ള വ്യവസ്ഥകൾക്കും പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള യാത്രാബത്തയും ദിനബത്തയും സ്വീകരിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ ഒരു അംഗത്തിന്, കേരളത്തിനകത്ത് യാത്ര ചെയ്യുന്നതിന്, ഈ ഖണ്ഡപ്രകാരം പ്രതിമാസം പതിനായിരം രൂപയിൽ കുറയാതെ യാത്രാബത്ത വാങ്ങുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

8എ. സൗകര്യങ്ങൾ.—

** ** ** **

(3) സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള നിയമസഭയിലെ ഓരോ അംഗത്തിനും, അവരുടെ പതിവ് താമസസ്ഥലത്ത് (അംഗത്തിന്റെ നിർദ്ദേശം അനുസരിച്ച്) അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിലേക്കും അതിനുശേഷം തൊട്ടടുത്തുവരുന്ന പതിനഞ്ച് ദിവസത്തേക്കും ഒരു ടെലഫോൺ നൽകേണ്ടതാണ് :

എന്നാൽ അംഗം നിർദ്ദേശിക്കുന്ന സ്ഥലം, നിലവിലുള്ള ഒരു ടെലഫോൺ എക്സ്ചേഞ്ചിന്റെ പ്രവർത്തനമേഖലയുടെ പരിധിക്കുള്ളിൽ ആയിരിക്കേണ്ടതാണ്.

(4) ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്കുവിധേയമായി, (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് നൽകിയിട്ടുള്ള ടെലഫോണിന്റെ ഇൻസ്റ്റലേഷൻ സംബന്ധിച്ച ചാർജ്ജുകളും വാടകയും സർക്കാർ നൽകേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും, (4)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചാർജ്ജുകളല്ലാതെ അങ്ങനെയുള്ള ടെലഫോൺ സംബന്ധമായ ചാർജ്ജുകൾ വഹിക്കുന്നതിലേക്ക് പ്രതിമാസം അയ്യായിരം രൂപയുടെ ടെലഫോൺ ബത്തയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ 1994-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, ടെലഫോൺ സംബന്ധിച്ച് കേന്ദ്ര സർക്കാർ വരുത്തുന്ന ആനുകാലിക ചാർജ്ജ് വർദ്ധനവിന് ആനുപാതികമായി കാലാകാലങ്ങളിൽ ഉത്തരവുമൂലം മേൽ പ്രസ്താവിച്ച ബത്തയിൽ സർക്കാർ വരുത്തുന്ന വർദ്ധനവ് നിയമാനുസൃതമായിരിക്കുന്നതാണ്.

(6) ** ** ** **

9എ. നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാകൂപ്പണുകൾ.—(1) ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, നിയമസഭയിലെ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരൊഴികെയുള്ള മറ്റെല്ലാ അംഗങ്ങൾക്കും അങ്ങനെയുള്ള അംഗത്തിന്റെ ഇച്ഛാനുസരണം താഴെപ്പറയുന്നവയിൽ എല്ലാമോ ഏതെങ്കിലുമോ ആയി മൊത്തം ഒരുലക്ഷത്തി ഇരുപതിനായിരം രൂപ മൂല്യമുള്ള സൗജന്യ യാത്രാക്കൂപ്പണുകൾ പന്ത്രണ്ട് കലണ്ടർ മാസക്കാലയളവിലേക്ക് നൽകേണ്ടതാണ്, അതായത്:—

(i) അങ്ങനെയുള്ള അംഗത്തിന്റെ ട്രെയിൻമാർഗ്ഗമുള്ള യാത്രയ്ക്ക് ട്രെയിൻ യാത്രാകൂപ്പണുകളും ;

(ii) അങ്ങനെയുള്ള അംഗത്തിന് ഒരു സ്വകാര്യ വാഹനത്തിലെ യാത്രയ്ക്കുള്ള ഇന്ധനം വാങ്ങുന്നതിനുള്ള ഇന്ധനക്കൂപ്പണുകളും ;

എന്നാൽ സർക്കാർ, കാലാകാലങ്ങളിൽ, ഉത്തരവുവഴി മേൽപ്പറഞ്ഞ നിരക്കിലുള്ള സൗജന്യ യാത്രാക്കൂപ്പണുകളുടെ തുക, കേന്ദ്ര സർക്കാർ റെയിൽവേ യാത്രാകൂലിയിൽ വരുത്തുന്ന ആനുകാലിക വർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

## പട്ടിക

I. മന്ത്രിമാരും, സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, പ്രതിപക്ഷനേതാവും, ചീഫ് വിപ്പും.—മന്ത്രിമാർക്കും, സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും, പ്രതിപക്ഷ നേതാവിനും, ചീഫ് വിപ്പിനും അവർ നടത്തുന്ന യാത്രകൾക്ക് താഴെപ്പറയുന്ന നിരക്കുകളിൽ യാത്രാബത്തകളും, ആകസ്മിക ചെലവുകളും, ദിനബത്തകളും നൽകേണ്ടതാണ്:—

(1) കേരള സംസ്ഥാനത്തിനകത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് എട്ട് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ, വാടകയ്ക്കെടുത്ത വാഹനങ്ങളിലോ, സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൗസ് വാഹനത്തിൽ/വകുപ്പ് വാഹനത്തിൽ യാത്ര ചെയ്താൽ, ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ നിരക്കിൽ ;

(സി) താമസത്തിന് അറുന്നൂറ് രൂപ ഒരു ദിന ബത്ത ;

(ഡി) ** ** **

(ഇ) ** ** **

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് എട്ട് രൂപ നിരക്കിൽ, കൂടാതെ സർക്കാർ വാഹനങ്ങളിലോ വാടകയ്ക്കെടുത്ത വാഹനങ്ങളിലോ സ്വന്തം വാഹനത്തിലോ ചെയ്ത യാത്രകൾക്കുള്ള ആകസ്മിക ചെലവുകൾക്കായി കിലോമീറ്ററിന് അൻപത് പൈസ ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്തദൂരം പരിഗണിക്കാതെ, ഗസ്റ്റ് ഹൗസ് വാഹനത്തിൽ/ വകുപ്പു വാഹനത്തിൽ യാത്ര ചെയ്താൽ ആകസ്മിക ചെലവുകൾക്കായി കിലോ മീറ്ററിന് അൻപത് പൈസ നിരക്കിൽ ;

(സി) എഴുന്നൂറ് രൂപ ഒരു ദിനബത്ത ;

(ഡി) ട്രെയിൻ മാർഗ്ഗമോ വിമാനമാർഗ്ഗമോ ഉള്ള യാത്രകൾക്ക്, ട്രെയിൻ മാർഗ്ഗമോ അല്ലെങ്കിൽ വിമാന മാർഗ്ഗമോ, അതതു സംഗതിപോലെ, കേരള സംസ്ഥാനത്തിനകത്ത് നടത്തുന്ന യാത്രകൾക്ക് അനുവദനീയമായ അതേ നിരക്കിൽ.

II. നിയമസഭയിലെ അംഗങ്ങൾ.— നിയമസഭയിലെ അംഗങ്ങൾക്ക് യാത്രാബത്തകളും, ദിനബത്തകളും താഴെപ്പറയുന്ന നിരക്കുകളിൽ നൽകേണ്ടതാണ്:—

(1) കേരള സംസ്ഥാനത്തിനകത്ത്,—

(എ) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക്, യാത്ര ചെയ്ത ദൂരം പരിഗണിക്കാതെ, കിലോമീറ്ററിന് ആറ് രൂപ നിരക്കിൽ ;

(ബി) അഞ്ഞൂറ് രൂപ ഒരു ദിനബത്ത ;

(2) കേരള സംസ്ഥാനത്തിന് പുറത്ത്,—

(എ) ട്രെയിൻമാർഗ്ഗമുള്ള യാത്രകൾക്ക്, ഒരു ഒന്നാം ക്ലാസ്/രണ്ടാം ക്ലാസ് എയർകണ്ടീഷൻഡ് റെയിൽവേ യാത്രാക്കൂലിയും കൂടാതെ കിലോമീറ്ററിന് ഇരുപത്തിയഞ്ച് പൈസ ;

(ബി) റോഡ് മാർഗ്ഗമുള്ള യാത്രകൾക്ക് യാത്ര ചെയ്തദൂരം പരിഗണിക്കാതെ, ഓരോ കിലോമീറ്ററിനും നാല് രൂപ നിരക്കിൽ ;

(സി) അറുന്നൂറ് രൂപ ദിനബത്ത ;